പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2001 — 05.10.2016-ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോ എബ്രഹാം | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് വിവിധ മേഖലയിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമെത്രയെന്ന്, ജില്ല തിരിച്ച്, അറിയിക്കാമോ; | (എ) കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ-ന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കേരള കുടിയേറ്റതൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം 53,136 ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (ബി) പ്രസ്തുത തൊഴിലാളികൾ മൂലം സംസ്ഥാനത്തുണ്ടായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) വിലയിരുത്തിയിട്ടില്ല. |
| (സി) പ്രസ്തുത തൊഴിലാളികൾക്ക് ലേബർ കാർഡ് നൽകുന്നതിനും നിരീക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം പ്രസ്തുത തൊഴിലാളികൾക്ക് ലേബർ കാർഡ് നൽകുന്നതിന് നിലവിൽ സംവിധാനം ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |

സെക്ഷൻ ഓഫീസർ